LIBRARY ARCHIVES Kerala Legislative Assembly

അനുമതിക്കായി അയച്ച ബില്ലുകൾ

521. [715] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാന നിയമസഭ പാസ്സാക്കി പ്രസിഡൻറിന്റെ അനുമതിക്കായി അയച്ച ബില്ലുകളിൽ ഇനിയും അനുമതി ലഭിക്കാത്തവ എത്ര; ഏതെല്ലാം;

(ബി) പ്രസിഡൻറിന്റെ അനുമതി ലഭിച്ചിട്ടും നടപ്പാക്കാത്ത ബില്ലുകൾ ഉണ്ടോ : ഉണ്ടെങ്കിൽ എത്ര; ഏതെല്ലാം ?

ഉത്തരം

(എ) സംസ്ഥാന നിയമസഭ പാസ്സാക്കി പ്രസിഡൻറിന്റെ അനുമതിക്കായി അയച്ച ബില്ലുകളിൽ ഇനിയും അനുമതി ലഭിക്കാത്തതായി ഒരു ബിൽ മാത്രമേ ഉള്ളൂ. അത് 1977-ലെ കേരള കാഷ്വൽ ടെമ്പററി ആൻഡ് ബദ്ലി വർക്കേഴ്സ് (റേജസ്) ബില്ലാണ്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

മുനിസിപ്പൽ-കോർപ്പറേഷൻ തെരഞ്ഞെടുപ്പുകൾ

522. [716] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും തെരഞ്ഞെടുപ്പ് എന്ന് നടത്താനാണുദ്ദേശിക്കുന്നത് ?

ഉത്തരം

തെരഞ്ഞെടുപ്പ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പൂർത്തിയായിട്ടില്ല. അത് പൂർത്തിയായാലുടൻ മുനിസിപ്പൽ-കോർപ്പറേഷൻ തെരഞ്ഞെടുപ്പ് നടത്തുന്നതാണ്.

തിരുവനന്തപുരം ടി. വി. സ്റ്റേഷൻ

523. [717] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തുനിന്നുള്ള ടി. വി. പരിപാടികൾ വർദ്ധിപ്പിക്കാൻ സംസ്ഥാന ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ;

(ബി) ഈ പരിപാടി സംസ്ഥാനത്തൊട്ടുക്കും കാണത്തക്ക സംവിധാനം ഏർപ്പെടുത്താൻ എന്നത്തേക്ക് കഴിയും ;

(സി) ഇക്കാര്യത്തിനുവേണ്ടി കേന്ദ്ര സർക്കാരുമായി ചർച്ച നടത്തുമോ?

ഉത്തരം

(എ) കേരളത്തിലെ ജനങ്ങളുടെ അഭിലാഷത്തിനൊത്തവണ്ണം തിരുവനന്തപുരം കേന്ദ്രം വികസിപ്പിച്ച് ഒരു സമ്പൂർണ്ണ കേന്ദ്രമാക്കണമെന്നും കേരള